**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **03-08-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്ന് മുതലാണ് നിലവിൽ വന്നത് എന്നും നാളിതുവരെ അവർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ 3-ാം വകുപ്പ് പ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള സർക്കാർ കൊച്ചി കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനു വേണ്ടി 30.10.2020-ലെ സ.ഉ(അച്ചടി) നം.57/2020/ഗതാഗതം (SRO No.757/2020) പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. 01.11.2020 മുതൽ പ്രസ്തുത അതോറിറ്റി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 22.01.2021-ൽ ചേർന്ന KMTA-യുടെ പ്രഥമ ബോർഡ് യോഗം കൊച്ചിയിലെ സംയോജിത ഗതാഗത പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരികയുമാണ്. വൈപ്പിനിൽ നിന്നും കൊച്ചിയിലേക്ക് ബസ്സുകളുടെ പ്രവേശനം സംബന്ധിച്ച് പഠിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-ൽ പ്രവർത്തിച്ചിരുന്ന Urban Mobility Transport Authority (UMTA)-യുടെ തുടർ പ്രവർത്തനങ്ങളിൽ ഇപ്പോൾ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ശ്രദ്ധ ചെലുത്തി വരുന്നു. 23.07.2021-ൽ കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ് വർക്ക് (KOMN)-ന്റെ ഉദ്ഘാടനം, യാത്രി ആപ്പിന്റെ പ്രകാശനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു. |
| (ബി) | പ്രസ്തുത അതോറിറ്റിക്ക് നാളിതുവരെ ലഭ്യമായ ഫണ്ടും പിഴയിനത്തിൽ ഈടാക്കിയ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 2020-21-ലെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിരുന്നു. 29.12.2020-ലെ സ.ഉ(സാധാ) നം.455/2020/ഗതാ നമ്പർ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം 44,54,324/- രൂപ 5075-60-800-62 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. അതോറിറ്റി ഇതുവരെ പിഴയിനത്തിൽ യാതൊരു തുകയും സമാഹരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ